# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4557 — 04.02.2014 ൽ മറുപടിക്ക്

## അരിവില നിലവാരം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി: | | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്തെ പ്രധാന ഇനം അരികളുടെ മാർക്കറ്റ് വില എത്രയായിരുന്നു; | (എ) യും (ബി) യും (സി) യും | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ അരികളുടെ ഇപ്പോഴത്തെ മാർക്കറ്റ് വില എത്രയാണ്; | | |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അരി വിലയിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്; | | |
| (ഡി) | അരിവില നിയന്ത്രിച്ചു നിർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | സംസ്ഥാനത്തെ റേഷൻ കടകൾ വഴി ബി.പി.എൽ. /എ.പി.എൽ. കാർഡുടമകൾക്ക് പ്രതിമാസം യഥാക്രമം 25 കി.ഗ്രാം, 35 കി.ഗ്രാം എന്ന കണക്കിൽ അരി ഒരു രൂപാ നിരക്കിലും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് 8.90 രൂപാ നിരക്കിൽ 10 കി.ഗ്രാം അരിയും എ.പി.എൽ. വിഭാഗത്തിലെ രണ്ടു രൂപാ നിരക്കിലുള്ള ഭക്ഷ്യ ധാന്യവിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 10 കി.ഗ്രാം അരിയും, അന്നപൂർണ്ണ കാർഡുടമകൾക്ക് 10 കി.ഗ്രാം അരി സൗജന്യമായും നൽകുന്നു. കൂടാതെ സപ്ലൈകോയുടെ നേതൃത്വത്തിൽ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ എന്നിവ വഴി ന്യായവിലയ്ക്ക് അരി വിതരണം ചെയ്തു വരുന്നു. ഉത്സവ സീസണുകളിൽ സപ്ലൈകോയുടെ നേതൃത്വത്തിൽ അരിക്കട നടത്താറുണ്ട്. ഇവയെല്ലാം തന്നെ അരിവില നിയന്ത്രിച്ചു നിർത്തുന്നതിനു സഹായിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | ഈ നടപടികൾ ഫല പ്രദമാണെന്ന് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; | (ഇ) | ഉണ്ട്. |
| (എഫ്) | എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (എഫ്) | ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ആവശ്യകതയുടെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചാണ് നിറവേറ്റപ്പെടുന്നത്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന കാലാവസ്ഥ വ്യതിയാനം, കയറ്റിറക്ക് കൂലിച്ചെലവിലുണ്ടാകുന്ന വർദ്ധനവ്, പെട്രോൾ, ഡീസൽ വിലവർദ്ധനവ് മുതലായവ അരിയുടെ വിലയിലും ആനുപാതികമായ വർദ്ധനവുണ്ടാക്കുന്നു. എന്നിരുന്നാലും സർക്കാരിന്റെ സമയോജിതമായ വിപണിയിടപെടൽ മുഖാന്തിരം അരിയുടെ വില നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാര്യമായ വില വർദ്ധന പൊതു വിപണിയിൽ ഉണ്ടായിട്ടില്ല എന്ന് കാണാവുന്നതാണ്. മട്ട അരിയുടെ വില പൊതു വിപണിയിൽ 2013 നെ അപേക്ഷിച്ച് ഇപ്പോൾ കുറവാണ്. സർക്കാരിന്റെ ഫലപ്രദമായ വിപണി ഇടപെടൽ ഇതിന് വളരെ അധികം സഹായകമായിട്ടുണ്ട്.<br>ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ ഒരു വർഷമായി അരിയുടെ വില കാര്യമായി ഉയർന്നിട്ടില്ല എന്നതു മാത്രമല്ല പല ഇനം അരിയുടെ വില കുറയുകയും ചെയ്തിട്ടുണ്ട്. |

Beena

**സെക്ഷൻ ഓഫീസർ**

അനുബന്ധം.

| COMMODITY | Price as on 31.05.2011 (in Rs) | Price as on 28.01.2014 (in Rs) | Percentage difference of price increases |
|---|---|---|---|
| Rice(red)open marketMatta | 27.00 | 33.00 | 22.22 |
| Rice(red)open market Nadan | 25.86 | 33.33 | 28.87 |
| Rice(red)open market Chamba | 25.92 | 33.67 | 29.92 |
| Rice(red)open market Punja | 27.00 | 33.00 | 22.22 |
| Rice(red)open market Culture | 25.42 | 35.25 | 38.69 |
| Rice(red)open market Rose | 26.70 | 33.25 | 24.53 |
| Rice (white)open mrkt Andhra Vella | 24.14 | 31.85 | 31.96 |
| Rice (white)open mrkt Chambala Vella | 26.19 | 33.00 | 26.01 |
| Rice (white)open mrkt Mysore Vella | 23.10 | 31.67 | 37.10 |
| Rice (white)open mrkt Palakkaadan Jaya | 26.14 | 33.88 | 29.60 |
| Rice-Raw | 24.00 | 28.00 | 16.67 |

S.O.